"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 23-04-2020

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

## സർക്കുലർ നം 32

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ ഇടക്കാല ജാമ്യം നൽകി വിവിധ ജയിലുകളിൽ നിന്ന് മോചിപ്പിക്കപ്പെട്ട 690 വിചാരണ / റിമാൻ്റ് തടവുകാർ മെയ് മാസം 3ാം തീയതി ലോക്ക് ഡൌൺ അവസാനിക്കുന്നതിനോടനുബന്ധിച്ച് തിരികെ പ്രവേശിപ്പിക്കപ്പെടുന്നതാണ്. അവരിൽ ഓരോരുത്തർക്കും ആരോഗ്യ പ്രോട്ടോക്കോൾ അനുസരിച്ചുള്ള ക്വാറൻൈറൻ സൌകര്യങ്ങൾ ഏർപ്പെടുത്തേണ്ടി വരും. ഇക്കാര്യം മുന്നിൽ കണ്ട് നിലവിൽ ഏപ്രിൽ 1 മുതൽ 20 വരെയുള്ള ദിവസങ്ങൾ പരിശോധിച്ചപ്പോൾ എക്സൈസ് / അബ്കാരി കേസുകളിൽ റിമാൻ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം ഏകദേശം 760 എന്ന നിലയിൽ അഭൂതപൂർവ്വമായി വർദ്ധിച്ച സാഹചര്യം കണക്കിലെടുക്കേണ്ടി വന്നിട്ടുണ്ട്. മേൽ സൂചിപ്പിച്ച സാഹചര്യങ്ങൾ മുൻനിർത്തി ഓരോ ജയിലിലേയും സ്ഥിതി ഗതികൾ ബന്ധപ്പെട്ട സെഷൻസ് / സി.ജെ.എം/ മജിസ്ട്രേറ്റ് കോടതികളെയും ഡി.എൽ.എസ്.എ സെക്രട്ടറിമാരേയും നേരിൽ കണ്ട് കണക്കുകളും അംഗീകൃത കപ്പാസിറ്റിയും ബഹു. സുപ്രീം കോടതി, ഹൈക്കോടതി നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ ജയിൽ വകുപ്പ് സ്വീകരിക്കേണ്ടി വരുന്ന കൊവിഡ് പ്രതിരോധ നടപടികൾ മൂലമുണ്ടാകുന്ന അധിക ബാധ്യത യും ബോധ്യപ്പെടുത്തുവാൻ എല്ലാ സ്ഥാപന മേധാവികളേയും ചുമതലപ്പെടുത്തുന്നു. പരമാവധി ഇന്നേ ദിവസം തന്നെ നിർദ്ദേശാനുസരണമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ് ആൻ്റ് കറക്ഷണൽ സർവ്വീസസ്
ദക്ഷിണ മേഖല/ മദ്ധ്യ മേഖല/ ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും